DESPATCHED
30/11/21....



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ CP No. 716(2)/2020/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ: 13916/SIC-G6/2020)**

**സന്നിഹിതൻ**
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. കെ. കൃഷ്ണ കുമാർ,
നവജീവൻ SSMMH ആന്റ് റീഹാബിലിറ്റേഷൻ സെന്റർ,
മുളയറ, തിരുവനന്തപുരം - 695 543.
} പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
വില്ലേജ് ഓഫീസർ,
വെട്ടിയാർ വില്ലേജ് ഓഫീസ്, ആലപ്പുഴ.
} എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 29/11/2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 26/12/2019 |
| കമ്മീഷനിൽ പരാതി ഹർജി നൽകിയ തീയതി | 29/11/2020 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 02/12/2020 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 12/01/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 15/02/2021 |
| കമ്മീഷൻ ഹിയറിംഗ് നടത്തിയ തീയതി | 11/11/2021 - ഓഡിയോ |
| ഹിയറിംഗ് സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എതിർകക്ഷി | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. കെ. കൃഷ്ണ കുമാർ, 29/11/2020 തീയതി സമർപ്പിച്ച പരാതി ഹർജി 02/12/2020-ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് CP.No. 716(2)/2020/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് എതിർകക്ഷി മറുപടി ലഭ്യമാക്കിയില്ല എന്ന ആക്ഷേപമാണ് ഉന്നയിച്ചിരിക്കുന്നത്.

3. പരാതി ഹർജിക്കാരൻ 29/11/2019 തീയതി എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ വെട്ടിയാർ വില്ലേജ് ആഫീസിലെ തണ്ടപ്പേർ 931-ൽ 215/6-ലേയ്ക്ക് റോഡിൽ നിന്ന് ഗതാഗതത്തിനിട്ടിരിക്കുന്ന റീസർവ്വേ 215/14 സബ് ഡിവിഷൻ 2004 വരെ വെള്ളിയംപള്ളിൽ വിശ്വനാഥ പണിക്കർ പേരിൽ കരം അടച്ചിട്ടുള്ളതായി വില്ലേജ് രേഖകളിൽ കാണുന്നുവെന്നും ഇത് ഏത് ആധാരം അവലംബമായാണ് തണ്ടപ്പേർ നമ്പർ ഏതാണെന്നുമാണ് ആവശ്യപ്പെട്ടത്

മേൽപ്പടി ഹർജിയിന്മേൽ 26/12/2019-ന് മറുപടിയും നൽകിയിട്ടുണ്ട്.

4. എതിർകക്ഷി കമ്മീഷൻ മുമ്പാകെ 15/02/2021-ൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ടി വില്ലേജിൽ റീസർവ്വേ ബ്ലോക്ക് 6-ൽ റീസർവ്വേ 215/14-ൽ 02.20 ആർസ് പുരയിടം 1095-ാം നമ്പർ തണ്ടപ്പേര് പ്രകാരം, വെട്ടിയാർ മുറിയിൽ കൃഷ്ണമംഗലം ഗോവിന്ദൻ താങ്കൾ കൊച്ചുണ്ണി താങ്കൾ പേരിൽ കിടക്കുന്നു എന്നും ടി വസ്തുവിന് 2014-15 വരെ കരം അടച്ചിട്ടുണ്ടെന്നും ടി വസ്തുവിന് വെള്ളിയം പള്ളിയിൽ വിശ്വനാഥ പണിക്കർ പേരിൽ കരം അടച്ചിട്ടില്ല എന്ന വിവരവും ഹർജിക്കരനെ അറിയിച്ചിട്ടുണ്ടെന്നും ആയത് സംബന്ധിച്ച് തണ്ടപ്പേർ പകർപ്പും BTR പകർപ്പും ടിയാന് നൽകിയ മറുപടിയുടെ പകർപ്പും ഉള്ളടക്കം ചെയ്തിട്ടുണ്ടെന്നുമാണ് റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ളത്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും, എതിർകക്ഷിയെ കേട്ടതിലും, മറുപടിയുടെയും, റിപ്പോർട്ടിന്റെയും പകർപ്പും രേഖകളും ഒരിയ്ക്കൽ കൂടി ഹർജിക്കാരനു അയച്ചു കൊടുക്കണമെന്ന് കമ്മീഷൻ നിർദ്ദേശം നൽകികൊണ്ട് ടി പരാതി ഹർജിയിന്മേൽ മേൽ നടപടികൾ ആവശ്യമില്ലെന്ന് വിലയിരുത്തി ഇന്നേ ദിവസം **2021 നവംബർ 11-ാം തീയതി** കമ്മീഷൻ ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
. സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION * KERALA * THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

AV